

# പാവങ്ങൾ

## നാലപ്പാട്ട് നാരായണമേനോൻ

## (ലാ മിറാബലെ -വിക്ടർ ഹ്യൂഗോ)

**Mukulam malayalam,A Plus Capsule by: Suresh Areekode.**

## [1 score, 2 score questions and answers]

1.അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടുകൂടി, അനങ്ങാതെ വിരൽത്തുമ്പുകൊണ്ടു പതുക്കെ അയാൾ വാതിലുന്തി. പ്രയോഗ സവിശേഷത ഏത്?

- **മോഷണത്തിലെ അപകടം തിരിച്ചറിഞ്ഞിട്ടും ജാഗ്രതയോടെ പ്രവൃത്തി തുടർന്നു.**

2.ഴാങ് വാൽ ഴാങ്ങിന് ആ അപകടം മനസ്സിലായി. ഇവിടെ സൂചിതമാകുന്ന അപകടമെന്ത് ?

- **മേശമേൽ തട്ടി അകത്തേക്കു കടക്കാനുള്ള വഴി തടയപ്പെട്ടത്.**

3.പരലോകത്തുവെച്ച് ഇഹലോക കർമങ്ങളെ വിചാരക്കെടുമ്പോഴത്തെ തുളഞ്ഞു കയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹളശബ്ദം പോലെ തിരിക്കുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടലലച്ച ? ഇത്തരമൊരു ചിന്തയുടെ പശ്ചാത്തലമെന്ത് ?

- **അഭയം നൽകിയ മെത്രാന്റെ ഭവനത്തിൽ നിന്നു തന്നെ മോഷണം നടത്തുന്നതിലെ കുറ്റബോധം.**

4. ഴാങ് വാൽ ഴാങിന്റെ തള്ളിവരുന്ന ശ്വാസവേഗത്തെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

- **ഗുഹയിൽ നിന്നു പുറപ്പെടുന്ന കാറ്റിന്റെ ഇരമ്പലായി.**

5. "രണ്ടു നിമിഷത്തേക്ക് അയാൾ തന്റെ കാര്യം പോയി എന്നു തീർച്ചപ്പെടുത്തി". ഈ പരാമർശത്തിന്റെ പൊരുൾ എന്ത് ?

- **തിരികുറ്റിയുടെ ശബ്ദംകേട്ട് എല്ലാവരും ഉണർന്ന് താൻ പിടിക്കപ്പെടുമെന്ന എന്ന ചിന്ത.**

6. "ഉപ്പു കൊണ്ടുള്ള ഒരു പ്രതിമ പോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചു നിന്നു." - ഇവിടെ സൂചിതമാകുന്ന ഴാങ് വാൽ ഴാങിന്റെ മാനസികാവസ്ഥ എന്ത് ?

- **തിരികുറ്റിയുടെ ശബ്ദത്തിന്റെ നടുക്കം നൽകിയ ആഘാതം/ഭയം/രൂപപരമായ അവ്യക്തത**

7. “ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു” - ഇവിടെ ഒന്നാമത്തെ അപകടമായി സൂചിപ്പിക്കുന്നതെന്ത് ?

- **വാതിൽ തുറന്നപ്പോൾ ഉണ്ടായ തിരികുറ്റിയുടെ ശബ്ദം.**

8. "അപ്പോൾ വെള്ളിസ്സമാനമാണ് നിങ്ങളെ ബുദ്ധിമുട്ടിക്കുന്നത്."
"അപ്പോൾ ഒന്നാമത് ആ വെള്ളിസ്സമാനം നമ്മുടെയായിരുന്നുവോ?"
-മെത്രാന്റെ ചോദ്യത്തിലെ പൊരുൾ എന്ത് ?

- **ഭൂമിയിലെ വസ്തുവകകൾ പാവങ്ങൾക്കുകൂടി അവകാശപ്പെട്ടതാണ്**

9. ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്കു മരം കൊണ്ടുള്ള മുള്ളും കയ്‌ലും കൂടി ആവശ്യമില്ല ?മെത്രാന്റെ ജീവിതവീക്ഷണവുമായി ബന്ധപ്പെട്ടതേത് ?

- **ലളിതജീവിതം**

10. ഴാങ് വാൽ ഴാങിന്റെ കണ്ണുരണ്ടും മിഴിഞ്ഞു<u>പോയി</u>. - വാക്യപരമായ സവിശേഷത കണ്ടെത്തുക ?

- **പോയി എന്നത് ''അനുപ്രയോഗമാണ് ''.**

11. “മനുഷ്യനെ കൊണ്ടു പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോടുകൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചുനോക്കി” - ഴാങിന്റെ ഈ ഭാവവിശേഷത്തിന്റെ അടിസ്ഥാനം എന്തായിരുന്നു ?

- **മുള്ളുകളും കയ്‌ലുകളും എടുത്തു കൂട്ടത്തിൽ എന്തുകൊണ്ട് മെഴുതിരിക്കാലുകൾ കൂടി കൊണ്ടുപോയില്ല എന്ന മെത്രാന്റെ വാക്കുകൾ.**

12.ഒരു ഭാവഭേദം കൂടാതെ, മെത്രാനെ ബുദ്ധിമുട്ടിക്കാവുന്ന ഒരു നോട്ടമെങ്കിലും നോക്കാതെ , ആ രണ്ടു സ്ത്രീകളും അതെല്ലാം കണ്ടുകൊണ്ടു തന്നെ നിന്നു. - ഭാഗത്തിലെ സൂചനയെന്ത് ?

- **രണ്ടു വെള്ളി വിളക്കുകാലുകൾ മെത്രാൻ , ഴാങ് വാൽ ഴാങിന് നൽകുന്നത്.**

13. " ഉപ്പ് കൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നേടത്തുതന്നെ മിഴിച്ചുകൊണ്ടുനിന്നു ?”(പാവങ്ങൾ - നാലാപ്പാട്ട് നാരായണമേനോൻ) വരികളിൽ തെളിയുന്ന ഭാവം എന്ത് ?

- **ഭയം**

14. "രണ്ട് ചെന്നിക്കുമുള്ള രക്തനാഡികൾ കൊല്ലന്റെ രണ്ടു കൂടങ്ങൾപ്പോലെ ആഞ്ഞടിക്കുന്നത് അയാൾ കേട്ടു.”-വരികളിലെ സൂചനയെന്ത് ?

- **ഇരുട്ടിൽ ഭയന്നുനിൽക്കുന്ന ഴാങ് വാൽ ഴാങിന്റെ മനസ്സ് .**

15. “എന്റെ സ്നേഹിതാ , ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്ക് തോട്ടത്തിലൂടെ

കടന്നുപോരണമെന്നില്ല. തെരുവിലേക്കുള്ള വാതിലിലൂടെ തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്ക നീക്കിയിരിക്കുന്നതു കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല." - മെത്രാന്റെ വാക്കുകളിലെ സന്ദേശമെന്ത് ?

- **സ്നേഹവും കാരുണ്യവും ജീവിതത്തെ ഭയരഹിതമാക്കും,മാനവികതയുടെ ആഴം , ലളിതജീവിതം, എല്ലാസ്വത്തും എല്ലാവർക്കും അവകാശപ്പെട്ടത്, ജീവിതത്തിൽ നേർവഴിയിൽ സഞ്ചരിക്കണം.**

16. ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതേ.ഒരിക്കലും മറന്നു പോകരുത്?സന്ദേശമെന്ത്?

- **മെത്രാന്റെ പ്രവൃത്തി ഴാങിനെ തിന്മയിൽനിന്ന് നന്മയിലേക്ക് നയിക്കുന്നു.**

17. ഇരുമ്പുവിളക്ക് - എന്നതിന്റെ വിഗ്രഹരൂപം

- **ഇരുമ്പു കൊണ്ടുള്ള വിളക്ക്**

18. മെഴുതിരിക്കാലുകൾ - വിഗ്രഹരൂപമെന്ത് ?

- **മെഴുതിരിവെയ്ക്കാനുള്ള കാലുകൾ**

19. മെത്രാന്റെ ഭവനത്തിൽ മോഷണത്തിനൊരുങ്ങുന്ന ഴാങ് വാൽ ഴാങിന്റെ പ്രവൃത്തിയെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?

- **പൂച്ചയുടെ കളവിനോട്**

20. ഹാ ! എന്റെ ഭഗവാനെ ,അതു വിചാരിക്കുമ്പോൾ തടി വിറക്കുന്നു.

വെള്ളത്തിലൂടെ ഒഴുകിവന്ന തടി പാലത്തിന് അപകടമുണ്ടാക്കി.

-അർത്ഥവ്യത്യാസം കുറിക്കുക.

- **ശരീരം ,മരത്തടി**

21. ഴാങ് വാൽ ഴാങിന്റെ കണ്ണുകൾ രണ്ടും മിഴിഞ്ഞുപോയി. - അടിവരയിട്ട ഭാഗത്തിന്റെ അർത്ഥസാധ്യത ?

- **അദ്ഭുതം**

22. "തലേ ദിവസം രാത്രിയിൽ ഴാങ് വാൽ ഴാങ് ഭക്ഷണം കഴിച്ചത് എവിടെ വച്ചോ ആ മേശപ്പുറത്ത് വച്ച് തന്നെ അദ്ദേഹം പ്രാതൽ കഴിക്കുകയായിരുന്നു." - മെത്രാന്റെ വ്യക്തിത്വമായി ബന്ധപ്പെട്ട സൂചനയേത് ?

- **സഹജീവിസ്നേഹം / മാനവികത**

23. താഴെ പറയുന്നവയിൽ മെത്രാന്റെ ഹൃദയവിശാലതയുമായി ബന്ധപ്പെട്ട പ്രസ്താവന ഏത് ?

- **മെഴുതിരിക്കാലുകൾ കൂടി എടുക്കാതിരുന്നതെന്തുകൊണ്ടെന്ന് ചോദിച്ചത്**

24. പരലോകത്ത് വെച്ച് ഇഹലോക കർമ്മങ്ങളെ വിചാരണ കെടുമ്പോഴത്തെ

ത്തുളഞ്ഞു കയറുന്ന കാഹളശബ്ദം . അടിവരയിട്ട പദത്തിന്റെ വിഗ്രഹരൂപമേത്

- **ഇഹലോകത്തിലെ കർമ്മങ്ങളെ**

25. ഞാൻ വെള്ളിസാമാനം വളരെക്കാലം സൂക്ഷിച്ച് പോന്നത് ഒരിക്കലും ശരിയായിട്ടില്ല.അതു പാവങ്ങളുടേതാണ് ?സന്ദേശമെന്ത് ?

- **മനുഷ്യനന്മ ലക്ഷ്യം വെച്ചുള്ള ജീവിതത്തിൽ ഭൗതിക വസ്തുക്കൾക്ക് സ്ഥാനമില്ല.**


**Prepared by :**
**Suresh Areekode,HST(Malayalam)GHSS,Areekode,Ugrapuram**
Malappuram. **PH:9562521509**.Email:sbtckr@gmail.com


**Visit my youtube:*mukulam malayalam* for video lessons, PDF notes,question answer discussion.**